ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കർഷകർ രാഷ്ട്ര നിർമാണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി

   **Farmers play a vital role in nation building, says Prime Minister Narendra Modi**

2. കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the 28th Conference of Speakers and Presiding Officers of Commonwealth countries in New Delhi tomorrow.**

3. സായുധ സേനയിലെ വിമുക്തഭടന്മാർ ഭാവി തലമുറയ്ക്ക് പ്രചോദനമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **Veterans of the armed forces are the inspiration to the future generation, says Defence Minister Rajnath Singh.**

4. അരാവലി പർവതനിരകളുടെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ്.

   Government is committed to ensuring environmental protection of the Aravalli ranges, says Union Minister Bhupender Yadav

5. മകരജ്യോതി ദർശന പുണ്യത്തിൽ അയപ്പഭക്തർ. ശരണമുഖരിതമായി ശബരിമല സന്നിധാനം.

   Pilgrims witness Makara Vilakku. Sabarimala Sannidhanam as chants fills the air.

6. ഇന്ത്യക്കെതിരായ രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ന്യൂസിലൻഡിന് 285 റൺസ് വിജയലക്ഷ്യം

   New Zealand set a target of 285 runs to win in the second ODI against India.

❁❁❁❁❁❁❁❁❁❁❁❁❁

**PRESIDENT– PUNJAB VISIT**

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ രണ്ട് ദിവസത്തെ പഞ്ചാബ് സന്ദർശനത്തിന് നാളെ തുടക്കമാകും. അമൃത്സറിലെ ഗുരുനാനാക് ദേവ് സർവകലാശാലയുടെ 50-ാമത് സുവർണ്ണ ജൂബിലി ബിരുദദാന സമ്മേളനത്തിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും. മറ്റന്നാൾ ജലന്ധറിലെ ഡോ. ബി.ആർ അംബേദ്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 21-ാമത് ബിരുദദാന സമ്മേളനത്തിൽ

പങ്കെടുക്കുന്ന ശ്രീമതി മുർമു 1,452 വിദ്യാർത്ഥികൾക്ക് ബിരുദങ്ങൾ സമ്മാനിക്കും. ഹൈ-മാസ്റ്റ് ദേശീയ പതാകയുടെ ഉദ്ഘാടനവും രാഷ്ട്രപതി നിർവഹിക്കും. കൂടാതെ, സൈബർ സുരക്ഷ , 5G ആൻഡ് ബിയോണ്ട് എന്നീ മേഖലകളിലെ രണ്ട് മികവിന്റെ കേന്ദ്രങ്ങളും ശ്രീമതി മുർമു നാടിന് സമർപ്പിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM- PONGAL(INTRO)

കർഷകർ രാഷ്ട്ര നിർമാണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

ന്യൂഡൽഹിയിൽ കേന്ദ്ര സഹമന്ത്രി എൽ. മുരുഗന്റെ വസതിയിൽ സംഘടിപ്പിച്ച പൊങ്കൽ ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കർഷകർക്ക് രാജ്യത്തിന്റെ സ്വയംപര്യാപ്തതയിൽ നിർണായക പങ്കാണുള്ളതെന്നും കർഷകരെ ശാക്തീകരിക്കുന്നതിൽ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH VETERANS DAY

സായുധ സേനയിലെ വിമുക്തഭടന്മാർ ധീരതയുടെ പ്രതീകവും, ഭാവി തലമുറയ്ക്ക് പ്രചോദനത്തിന്റെ ഉറവിടവുമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ സായുധ സേനാ വെറ്ററൻസ് ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാജ്യരക്ഷാമന്ത്രി. വിമുക്തഭടന്മാർ രാഷ്ട്രനിർമ്മാണത്തിന്റെ എല്ലാ മേഖലകളിലും സംഭാവനകൾ നൽകുന്നുണ്ടെന്നും സമൂഹത്തിന് വഴികാട്ടികളാണെന്നും മന്ത്രി പറഞ്ഞു. അടിയന്തര സാഹചര്യങ്ങളിൽ ഭരണകൂടവുമായി തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

## SC-SECTION 17A

അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 17A-യുടെ ഭരണഘടനാ സാധുതയിൽ സുപ്രീം കോടതിയിൽ ഭിന്നവിധി. പൊതുപ്രവർത്തകർക്കെതിരായ അഴിമതി അന്വേഷണങ്ങൾക്ക് മുൻകൂർ അനുമതി നിർബന്ധമാക്കുന്നതാണ് 2018 ജൂലൈയിൽ കൊണ്ടുവന്ന സെക്ഷൻ 17A. ജസ്റ്റിസ് ബി.വി നാഗരത്ന, ജസ്റ്റിസ് കെ.വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചത്. ബെഞ്ചിലെ രണ്ട് ജഡ്ജിമാരും രണ്ട് തരം വിധി പുറപ്പെടുവിച്ച സാഹചര്യത്തിൽ, കേസ് ഇനി ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ പരിഗണനയ്ക്ക് വരും.

ചീഫ് ജസ്റ്റിസ് രൂപീകരിക്കുന്ന വിശാല ബെഞ്ചായിരിക്കും വിഷയത്തിൽ അന്തിമ വിധി പ്രസ്താവിക്കുക.

☸☸☸☸☸☸☸☸☸☸☸☸☸

## BIRLA- KENYA CSPOC(INTRO)

കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## BIRLA- KENYA CSPOC(VOICE)

ന്യൂഡൽഹിയിൽ നടക്കുന്ന സമ്മേളനത്തിൽ 60-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുക്കുന്നത്. പാർലമെൻററി ജനാധിപത്യത്തെക്കുറിച്ചുള്ള വിശാലമായ അറിവുകൾ പങ്കുവയ്ക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. നിയമനിർമാണ സഭകളിലെ എ.ഐ ഉപയോഗ സാധ്യത, പാർലമെൻ്റംഗങ്ങളിൽ സമൂഹമാധ്യമങ്ങളുടെ സ്വാധീനം തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

സമ്മേളനത്തിനിടെ ഇന്ന് കെനിയൻ നാഷണൽ അസംബ്ലി സ്പീക്കർ മോസസ് മസ്സീക്ക വെതാംഗുലയുമായി ലോക്സഭാ സ്പീക്കർ ഓം ബിർല കൂടിക്കാഴ്ച നടത്തി. ഇന്ത്യയും കെനിയയും തമ്മിലുള്ള ചരിത്രപരമായ ബന്ധവും ഭാവിയിലെ സഹകരണ സാധ്യതകളും ഇരു നേതാക്കളും ചർച്ച ചെയ്തു. ഉഭയകക്ഷി പാർലമെന്ററി ഇടപെടലുകളിലൂടെ ഇന്ത്യ - കെനിയ സഹകരണം ശക്തമാക്കുമെന്ന് ശ്രീ ഓം ബിർള സമൂഹമാധ്യമത്തിൽ കുറിച്ചു.

ന്യൂസ്ഡസ്ക് ആകാശവാണി.....

## MISRI–CHINA MEETING

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്ന് ന്യൂഡൽഹിയിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്ര കമ്മിറ്റിയുടെ അന്താരാഷ്ട്ര വകുപ്പ് ഉപമന്ത്രി സൺ ഹയാനുമായി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇന്ത്യ-ചൈന ബന്ധം പുനഃസ്ഥാപിക്കാൻ ഇരു രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള പരസ്പര ധാരണ മെച്ചപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം വിദേശകാര്യ സെക്രട്ടറി ആവർത്തിച്ചു. ഈ വർഷം ബ്രിക്സ് അധ്യക്ഷസ്ഥാനം ഏറ്റെടുത്തതിന് സൺ ഹയാൻ

ഇന്ത്യയെ ചൈനയുടെ അഭിനന്ദനവും പിന്തുണയും അറിയിച്ചു.

## ADMM-PLUS MEETING

സമകാലിക ലോകത്തെ ഏറ്റവും വലിയ ഭീഷണിയാണ് ഭീകരവാദമെന്നും ആഗോള സമാധാനവും ഐശ്വര്യവും കൈവരിക്കുന്നതിന് ഭീകരതക്കെതിരെ കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്നും പ്രതിരോധ മന്ത്രാലയം ജോയിന്റ് സെക്രട്ടറി അമിതാഭ് പ്രസാദ്. ന്യൂഡൽഹിയിൽ നടക്കുന്ന 16-ാമത് 'ആസിയാൻ ഡിഫൻസ് മിനിസ്റ്റേഴ്സ് മീറ്റിംഗ് -പ്ലസ് എക്സ്പെർട്ട് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയും മലേഷ്യയും സംയുക്തമായി സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ പരിപാടിയിൽ 11 ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ആസിയാൻ സെക്രട്ടേറിയറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

## IRAN-CRACKDOWN

ഇറാനിലെ ആഭ്യന്തര പ്രക്ഷോഭങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 2,500 കടന്നതായി മനുഷ്യാവകാശ സംഘടനകൾ . പ്രക്ഷോഭത്തിൽ പങ്കെടുത്ത ഒരാളുടെ വധശിക്ഷ ഇന്ന് നടപ്പിലാക്കാൻ ഇറാൻ ഒരുങ്ങുകയാണെന്ന് മനുഷ്യാവകാശ സംഘടനകൾ പറഞ്ഞു. പ്രക്ഷോഭകരെ വധശിക്ഷക്ക് വിധേയരാക്കരുതെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ടെഹ്റാന് മുന്നറിയിപ്പ് നൽകി. എന്നാൽ ഇറാനിലെ പ്രതിഷേധങ്ങളിൽ ഇടപെട്ടാൽ അമേരിക്കൻ താവളങ്ങൾ ആക്രമിക്കുമെന്നാണ് ഇറാൻറെ മറുപടി. അതേസമയം ഇറാന് പിന്തുണ അറിയിച്ച് ചൈന രംഗത്തെത്തി. സ്വതന്ത്ര രാജ്യങ്ങളുടെ ആഭ്യന്തര വിഷയങ്ങളിൽ പുറത്തു നിന്നുള്ള ഇടപെടലുകളെ എതിർക്കുന്നതായും ചൈന വ്യക്തമാക്കി.

## MEA–IRAN ADVISORY

ഇന്ത്യൻ പൗരന്മാർ ലഭ്യമായ ഗതാഗത മാർഗ്ഗങ്ങളിലൂടെ ഇറാനിൽ നിന്ന് മടങ്ങാൻ ടെഹ്റാനിലെ ഇന്ത്യൻ എംബസി ആവശ്യപ്പെട്ടു. ഹെൽപ്പ്ലൈൻ നമ്പറുകൾ വഴിയോ, cons.twhran@mea.gov.in എന്ന ഇമെയിൽ വിലാസത്തിലോ എംബസിയുമായി ബന്ധപ്പെടാം. ഇറാനിലേക്കുള്ള യാത്ര ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ

ഒഴിവാക്കണമെന്നും വിദേശകാര്യ മന്ത്രാലയം ഇന്ത്യൻ പൗരന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## BHUPENDER YADAV– ARAVALLI CONFERENCE (INTRO)

അരാവലി പർവതനിരകളുടെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ്. കയ്യേറ്റവും അനധികൃത ഖനനവും തടയുന്നതിനായി അരാവലി റവന്യൂ ഭൂമിയുടെ ഏകദേശം 97 കിലോമീറ്റർ സ്ഥിരം സംരക്ഷിത വനമായി പ്രഖ്യാപിച്ചിട്ടുണ്ട്. ന്യൂഡൽഹിയിൽ അരാവലി പരിസ്ഥിതി പുനഃസ്ഥാപനത്തെക്കുറിച്ചുള്ള ദേശീയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താൻ സർക്കാർ മികച്ചരീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(voice)

❁❁❁❁❁❁❁❁❁❁❁❁❁

## ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനം ഈ മാസം 20 ന് ആരംഭിക്കുമെന്ന് സ്പീക്കർ എ എൻ ഷംസീർ. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെയാണ് സഭാ സമ്മേളനം ആരംഭിക്കുക. ഈ മാസം 29ന് ധനമന്ത്രി കെ

എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. മാർച്ച് 26 വരെ 32 ദിവസമാണ് സഭ സമ്മേളിക്കുക.

## SCHOOL KALOLSAVAM

64-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ തൃശ്ശൂരിൽ ഉദ്ഘാടനം ചെയ്തു. കലാമേളകളിൽ പങ്കാളിത്തത്തിനാണ് പ്രാധാന്യമെന്നും മത്സരം ഒരാളുടെയും കഴിവിന്റെ ആത്യന്തികമായ അളവുകോലല്ല എന്നും മുഖ്യമന്ത്രി പറഞ്ഞു.

ഈ മാസം 18 വരെ നീളുന്ന കലോത്സവത്തിൽ 25 വേദികളിലായി 15,000 ലേറെ പ്രതിഭകൾ മാറ്റുരയ്ക്കും.

## SABARIMALA

മകരസംക്രമ സന്ധ്യയിൽ ഭക്തിസാന്ദ്രമായി സന്നിധാനം. ശബരിമലയിലെ അയ്യപ്പവിഗ്രഹത്തിൽ തിരുവാഭരണം ചാർത്തി ദീപാരാധന നടന്നു. തുടർന്ന് പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിഞ്ഞു. ആയിരക്കണക്കിന് ഭക്തരാണ് മകരവിളക്ക് ദർശിച്ചത്.

## CM-CONNECT TO WORK

മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയ്ക്ക് കേരള മന്ത്രിസഭായോഗം അംഗീകാരം നൽകി. നൈപുണ്യ
വികസനത്തിലൂടെ യുവജനങ്ങളുടെ തൊഴിൽസാധ്യത മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. അർഹരായ ആദ്യത്തെ 5 ലക്ഷം പേർക്ക് ഇതിലൂടെ സ്കോളർഷിപ്പ് നൽകും. പ്രതിമാസം ആയിരം രൂപ വീതം 12 മാസത്തേക്കാണ് സ്കോളർഷിപ്പ് അനുവദിക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

## IND-NZ ODI CRICKET

ഇന്ത്യക്കെതിരെ രാജ്കോട്ടിൽ നടക്കുന്ന രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ന്യൂസിലൻഡിന് 285 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ 7 വിക്കറ്റിന് 284 റൺസെടുത്തു. ഇന്ത്യക്കായി കെ എൽ രാഹുൽ സെഞ്ച്വറി നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ന്യൂസിലൻഡ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 23 ഓവറിൽ 2 വിക്കറ്റിന് 109 റൺസ് എന്ന നിലയിലാണ്. പരമ്പരയിൽ ആകെ മൂന്ന് മത്സരങ്ങളാണുള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁

## AGNIVEER

ഇന്ത്യൻ വ്യോമസേനയിൽ അഗ്നിവീർ ആയി തിരഞ്ഞെടുക്കുന്നതിനായി അവിവാഹിതരായ പുരുഷ-വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു. മാർച്ച് 30, 31 തീയതികളിൽ ആണ് സെലക്ഷൻ ടെസ്റ്റ്.